## 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 171** **20-01-2021 - ൽ മറുപടിയ്ക്ക്**

## സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതയുടെ അനിവാര്യത

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. സ്വരാജ്,<br>ശ്രീ. വി.ജോയി,<br>ശ്രീ. ആർ.രാജേഷ്,<br>ശ്രീ എം. രാജഗോപാലൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഡിജിറ്റൽ വിടവ് സംഭവിക്കാതിരിക്കാൻ ഇന്റർനെറ്റ് അവകാശമെന്ന് പ്രഖ്യാപിച്ചുകൊണ്ട് സാധാരണക്കാർക്ക് ഇന്റർനെറ്റ് ലഭ്യമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കെ-ഫോൺ പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ; | (എ) | സാർവ്വത്രിക ഇന്റർനെറ്റ് ലഭ്യത ഉറപ്പാക്കുവാനും അതുവഴി ഡിജിറ്റൽ വേർതിരിവ് ഇല്ലാതാക്കുവാനും ഉതകുന്ന വിധത്തിൽ സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്.വർക്ക് (കെ-ഫോൺ). പ്രസ്തുത പദ്ധതി വഴി സംസ്ഥാനത്തെ മുപ്പതിനായിരത്തോളം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, സർക്കാർ ഓഫീസുകൾക്കും ഇടതടവില്ലാതെ അതിവേഗ ഇന്റർനെറ്റ് സേവനം നൽകുന്നതിന് പുറമെ 20 ലക്ഷത്തോളം പാവപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യമായും, മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുവാനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതയുടെ അനിവാര്യത ബോധ്യപ്പെട്ടുത്തിയ ഇക്കാലത്ത് അതിനായുള്ള പ്രഖ്യാപിത സർക്കാർ നയം നടപ്പാക്കുന്നതിൽ കൈവരിച്ച പുരോഗതി അറിയിക്കാമോ; | (ബി) | കേരള സംസ്ഥാനത്ത് സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്നതിനുവേണ്ടി സംസ്ഥാന ഐ.ടി. മിഷനും സാക്ഷരതാ മിഷനും സംയുക്തമായി ചേർന്ന് ഡിജിറ്റൽ ശാക്തീകരണ യജ്ഞവും പരിശീലന പരിപാടികളും നടപ്പിലാക്കി. ഓൺലൈൻ പണമിടപാടുകൾ, വിവരസാങ്കേതിക വിദ്യയുടെ പ്രാഥമികമായ അറിവ്, സമൂഹ മാധ്യമങ്ങളുടെ ഉപയോഗവും സുരക്ഷയും, ഓൺലൈൻ വ്യാപാരം തുടങ്ങിയവ സംബന്ധിച്ച പ്രാഥമിക വിവരങ്ങൾ ഉൾപ്പെടുത്തിയാണ് ഈ പരിശീലന പരിപാടികൾ നടത്തുന്നത്. സാക്ഷരതാ മിഷന്റെ സഹായത്തോടു കൂടി "ഞാൻ ഡിജിറ്റലായി" എന്ന പദ്ധതി വിപുലമായ രീതിയിൽ നടത്തുവാൻ തീരുമാനിച്ചിരുന്നു. നിലവിലെ സാഹചര്യത്തിൽ സമൂഹമാധ്യമങ്ങളിലൂടെയും യൂ-ട്യൂബ് വഴിയും സൈബർ സുരക്ഷയെ കുറിച്ചുള്ള വീഡിയോകൾ വ്യാപകമായ രീതിയിൽ പ്രചരിപ്പിക്കുന്നുണ്ട്. കൂടാതെ സൈബർ സുരക്ഷാ അവബോധം ജനങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായി സൈബർ സെക്യൂരിറ്റി |

| | | | |
|---|---|---|---|
| | | | അവെയർനെസ്സ്പോർട്ടൽ തയ്യാറാക്കുകയും സൈബർ സുരക്ഷയെപ്പറ്റിയുള്ള വീഡിയോകൾ അതിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇന്റർനെറ്റ് ലഭ്യത വാണിജ്യവൽക്കരിക്കുന്നതിന്റെ ഭാഗമായി കുത്തകവൽക്കരണത്തിന് ചില കമ്പനികൾ നടത്തുന്ന ശ്രമങ്ങളെ സഹായിക്കുന്ന തരത്തിൽ അനാവശ്യമായും നിയമവിരുദ്ധമായും ചില കേന്ദ്ര അന്വേഷണ ഏജൻസികൾ പരസ്യമായും രഹസ്യമായും ഇടപെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിയമപരിധി വിട്ടുള്ള ഇത്തരം പ്രവർത്തനങ്ങൾ സംസ്ഥാനത്ത് അനുവദിക്കരുതെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ; | (സി) | സാധാരണക്കാർക്ക് കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള കെ-ഫോൺ പദ്ധതി ചില വൻകിട കോർപ്പറേറ്റുകൾക്ക് വേണ്ടി അട്ടിമറിക്കുന്നതിനുള്ള ശ്രമങ്ങൾ ചില കേന്ദ്രങ്ങളിൽ നിന്ന് ഉയർന്നു വരുന്നതായും ഇതിന് സംസ്ഥാനത്തെ ചില രാഷ്ട്രീയ കക്ഷികൾ ചില കേന്ദ്ര ഏജൻസികളുമായി ചേർന്ന് പ്രവർത്തിക്കുന്നതായും ഉള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിയെ ആകെ പരിശോധിക്കുവാൻ, അന്വേഷണത്തിന്റെ സ്വാഭാവിക പരിമിതി ലംഘിച്ചു കൊണ്ടുള്ള ചില നീക്കങ്ങൾ കേന്ദ്ര അന്വേഷണ ഏജൻസികളുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ട്. കേന്ദ്ര അന്വേഷണ ഏജൻസികളുടെ അന്വേഷണ രീതി പലപ്പോഴും സംസ്ഥാന സർക്കാരിനെ അപകീർത്തിപ്പെടുത്താനുള്ളബോധപൂർവ്വമായ ശ്രമമായിത്തീർന്നപ്പോൾ ഈ വിഷയം ബഹു. പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ ചില രാഷ്ട്രീയകക്ഷികൾ കുത്തകക്കമ്പനികളുടെ താല്പര്യാർത്ഥം വികസനം മുടക്കുന്നതിനായി ചില കേന്ദ്ര ഏജൻസികളുടെ കൈയ്യിലെ കരുക്കളായി മാറുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | സാധാരണക്കാർക്ക് കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള കെ-ഫോൺ പദ്ധതി ചില വൻകിട കോർപ്പറേറ്റുകൾക്ക് വേണ്ടി അട്ടിമറിക്കുന്നതിനുള്ള ശ്രമങ്ങൾ ചില കേന്ദ്രങ്ങളിൽ നിന്ന് ഉയർന്നു വരുന്നതായും ഇതിന് സംസ്ഥാനത്തെ ചില രാഷ്ട്രീയ കക്ഷികൾ ചില കേന്ദ്ര ഏജൻസികളുമായി ചേർന്ന് പ്രവർത്തിക്കുന്നതായും ഉള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിയെ ആകെ പരിശോധിക്കുവാൻ, അന്വേഷണത്തിന്റെ സ്വാഭാവിക പരിമിതി ലംഘിച്ചു കൊണ്ടുള്ള ചില നീക്കങ്ങൾ കേന്ദ്ര അന്വേഷണ ഏജൻസികളുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ട്. കേന്ദ്ര അന്വേഷണ ഏജൻസികളുടെ അന്വേഷണ രീതി പലപ്പോഴും സംസ്ഥാന സർക്കാരിനെ അപകീർത്തിപ്പെടുത്താനുള്ളബോധപൂർവ്വമായ ശ്രമമായിത്തീർന്നപ്പോൾ ഈ വിഷയം ബഹു. പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ട്. |
| (ഇ) | ഇത്തരത്തിലുള്ളവരിൽ ചിലർ വികസന മിഷനുകൾക്കും കെ ഫോൺ, സിൽവർ ലൈൻ തുടങ്ങിയ വികസനപ്രവർത്തനങ്ങൾക്കും വിഘ്നം സൃഷ്ടിക്കാൻ നിരന്തരശ്രമം നടത്തി പദ്ധതികളെ | (ഇ) | സാർവ്വത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യത്തോടെ സർക്കാർ വിഭാവനം ചെയ്ത കെ-ഫോൺ പദ്ധതിയും, അതിവേഗ റെയിൽ പദ്ധതിയായ സിൽവർ ലൈനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ട് പോകുകയാണ്. |

| | | | |
|---|---|---|---|
| | മന്ദീഭവിപ്പിക്കുന്നത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | | ഇക്കാര്യത്തിലുള്ള ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്ന നടപടികളും ഒപ്പം സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ